*⇨ ഒല്ലൂരിലെ ആ വീട്ടിലിരുന്നാണ് അന്ന് ഞങ്ങൾ ആദ്യമായി സംസാരിക്കുന്നത് ⇨*



**എ. ലത സ്മരണ**

**2008** ൽ അതിരപ്പിള്ളി അണക്കെട്ടിനെതിരായ അനിശ്ചിതകാല സത്യാഗ്രഹം തുടങ്ങുന്ന സമയം. 2007 ജൂലായ് 13ന് മൂന്നാമതും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയതിനെ തുടർന്ന് ഇത്തവണ ഉറപ്പായും പദ്ധതി യാഥാർത്ഥ്യമാകുമെന്ന ഒരു ദൃഢത സർക്കാരിന്റെയും കെ.എസ്.ഇ.ബിയുടെയും നീക്കങ്ങളിൽ അന്ന് ദൃശ്യമായിരുന്നു. അതുകൊണ്ടു തന്നെ അതിരപ്പിള്ളി സമരം വളരെ നിർണ്ണായകമായ ഒരു ഘട്ടത്തിലേക്ക് കടക്കുന്ന സന്ദർഭം കൂടിയായിരുന്നു അത്. സമരത്തെക്കുറിച്ചും അണക്കെട്ടിനെതിരായും പലകാലങ്ങളിലും എഴുതിയിട്ടുണ്ടായിരുന്നെങ്കിലും അക്കാര്യങ്ങൾ വീണ്ടും പുതിയ രൂപത്തിൽ വായനക്കാരുമായി പങ്കുവയ്ക്കേണ്ടിവരുന്ന സാഹചര്യത്തിലേക്ക് സ്വാഭാവികമായും 'കേരളീയ'വും എത്തിച്ചേർന്നു. 2008 ഫെബ്രുവരി 25ന് അനിശ്ചിതകാല സത്യാഗ്രഹം തുടങ്ങുന്നതിന് മുന്നോടിയായി

# ഒഴുകുന്ന പുഴകൾക്ക് വേണ്ടി നിലയ്ക്കാതെ ഒഴുകിപ്പരന്ന്...

ലതച്ചേച്ചിയെ അനുസ്മരിക്കുക എന്നത് ഏറ്റവും ഉത്കൃഷ്ടമായിത്തീരുന്നത് അവരുടെ പ്രവർത്തനങ്ങളിലൂടെ കടന്നുപോയി അത് ക്രോഡീകരിക്കുമ്പോൾ മാത്രമാണ്. അത്രവേഗം സമാഹരിക്കാൻ കഴിയുന്നതിനേക്കാൾ ഏറെ വലുതാണ് മുപ്പത് വർഷത്തിലേറെയായി അവർ ചെയ്തു തീർത്തതും തുടങ്ങാനിരുന്നതുമായ പദ്ധതികളെങ്കിലും അവയിലൂടെ കടന്നുപോകാൻ ഒരു ശ്രമം...

**എസ്. ശരത്**

സമരവുമായി ബന്ധപ്പെട്ട കൂടുതൽ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലക്കം ഇറക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഞാൻ ലതച്ചേച്ചിയെ ആദ്യമായി വിളിക്കുന്നത്. ഉദ്ദേശം വ്യക്തമാക്കിയപ്പോൾത്തന്നെ "സമരത്തിന്റെ കാര്യങ്ങൾ സംസാരിക്കാൻ രവിയും മോഹൻദാസുമാണ് നല്ലത്" എന്നായിരുന്നു ലതചേച്ചിയുടെ മറുപടി. അവരെ കാണുന്നുണ്ടെന്നും ലതചേച്ചി കൂടി സംസാരിക്കണമെന്നും ആവശ്യപ്പെട്ടപ്പോൾ എങ്കിൽ അതിരപ്പിള്ളി സമരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചില കാഴ്ചപ്പാടുകൾ അവതരിപ്പിക്കാം എന്ന വ്യവസ്ഥയിൽ ലതചേച്ചി എത്തി. ഇടതൂർന്ന ചെമ്പരത്തിച്ചെടികൾക്കിടയിലൂടെ പോകുന്ന ചെറിയ മൺവഴിയിലൂടെ അൽപ്പം നടന്നാൽമാത്രമെത്തുന്ന, ഹരിതാവരണങ്ങളുടെ തണലുതിങ്ങുന്ന ഒല്ലൂരിലെ ആ വീട്ടിലിരുന്നാണ് അന്ന് ഞങ്ങൾ ആദ്യമായി സംസാരിക്കുന്നത്. അതിരപ്പിള്ളി സമരത്തിന്റെ അനേകം അടരുകൾ അനർഗളം അവരുടെ വാക്കുകളിലൂടെ ഒഴുകിയെത്തി. അണക്കെട്ടുകൾക്കെതിരായ വാദമുഖങ്ങൾ അവതരിപ്പിച്ചുകൊണ്ട് തുടങ്ങിയ വർത്തമാനം ഇക്കോളജിയെക്കുറിച്ചുള്ള ഒരു സമഗ്രമായ കാഴ്ചപ്പാടിലേക്കാണ് വികസിച്ചത്. പ്രത്യേകിച്ച് റിവർ ഇക്കോളജി. പുഴകൾ ഒഴുകേണ്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംഭാഷണത്തിലുടനീളം ലതചേച്ചി ആവർത്തിക്കുന്നുണ്ടായിരുന്നു. മനുഷ്യരെ മനുഷ്യരുമായും മനുഷ്യരെ പ്രകൃതിയുമായും ബന്ധിപ്പി

ക്കാൻ ശേഷിയുള്ള ഒരു കണ്ണിയായി, ജൈവ പ്രതിഭാസമായി ഭൂമിയിൽ പുഴകൾ എങ്ങനെ വർത്തിക്കുന്നു എന്നതിലേക്ക് അതിരപ്പിള്ളിയെക്കുറിച്ചുള്ള സംസാരം ഒടുവിൽ വന്നു ചേർന്നു. അത് അവർ സമാഹരിച്ച ശാസ്ത്രീയ ധാരണകളിൽ നിന്നുകൊണ്ടുള്ള ഒരു വിശകലനമായിരുന്നില്ല. പുഴയെ, ഇക്കോളജിയെ സമഗ്രമായി സമീപിച്ചുകൊണ്ട് ഓരോ മേഖലയിലും അവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ പ്രതിഫലനം കൂടിയായിരുന്നു ആ വാക്കുകൾ. അതുകൊണ്ടുതന്നെ ലതചേച്ചിയെ അനുസ്മരിക്കുക എന്നത് ഏറ്റവും ഉത്കൃഷ്ടമായിത്തീരുന്നത് അവരുടെ പ്രവർത്തനങ്ങളിലൂടെ കടന്നുപോയി അത് ക്രോഡീകരിക്കുമ്പോൾ മാത്രമാണ്. ലതചേച്ചി വിട്ടുപോയ ദിവസം ഒല്ലൂരിലെ ആ വീട്ടിൽ മരത്തണലുകൾക്ക് താഴെ ഒരു പകൽ മുഴവൻ നിൽക്കവെ മനസ്സിൽ ഒഴുകിയെത്തിയതും അവരുടെ പ്രവർത്തനങ്ങളുടെ ഒരു ക്രോഡീകരണമായിരുന്നു. അത് എഴുതിത്തുടങ്ങുന്നതിനായി തുടർ ദിവസങ്ങളിൽ ലതചേച്ചിയുടെ പല രചനകളിലൂടെയും കടന്നുപോയപ്പോൾ മനസ്സിലായ ഒരു കാര്യം അത്ര വേഗം സമാഹരിക്കാൻ കഴിയുന്നതിനേക്കാൾ ഏറെ വലുതായിരുന്നു മുപ്പത് വർഷത്തിലേറെയായി അവർ ചെയ്തുതീർത്തതും തുടങ്ങാനിരുന്നതുമായ പദ്ധതികൾ. സമാഹരണം പൂർണ്ണതയിലെത്തിയില്ലെങ്കിലും അതിലൂടെ കടന്നുപോകുന്നതു മാത്രമേ ലതചേച്ചിയെക്കുറിച്ചുള്ള ഓർമ്മകളെ അന്വർത്ഥമാക്കുകയുള്ളൂ എന്നതിനാൽ ഇവിടെ ഒരു ശ്രമം നടത്തട്ടെ.

**അതിരപ്പിള്ളിയിലെ സംവാദങ്ങൾ**

അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ട സംവാദങ്ങളിലാണ് ലതചേച്ചിയുടെ വാക്കുകൾ കേരളം ഏറ്റവും കൂടുതൽ കേട്ടിരിക്കുന്നതും ശ്രദ്ധിച്ചിരിക്കുന്നതും എന്നതിനാൽ അവിടെ നിന്നും തുടങ്ങാം. (എന്നും അതിരപ്പിള്ളിക്കും അപ്പുറമായിരുന്നു അവരെങ്കിലും). സൈലന്റ് വാലി പദ്ധതിക്കെതിരായി എഴുപതുകളിൽ നടന്ന ബഹുമുഖ സമരത്തിന് ശേഷം സമാനമായ സ്ഥിതിഗതികളിലൂടെ കടന്നുപോയ ഒരു ഡാം വിരുദ്ധ സമരമായി അതിരപ്പിള്ളി സമരത്തെ വിലയിരുത്താമെങ്കിലും സൈലന്റ് വാലി സംവാദങ്ങളിൽ നിറഞ്ഞുനിന്ന ഉത്കണ്ഠകളായിരുന്നില്ല അതിരപ്പിള്ളി ചർച്ചകളിലെ മുഖ്യ പ്രതിപാദ്യം. ജൈവസമ്പന്നമായ സൈലന്റ് വാലി മഴക്കാടുകളുടെ സംരക്ഷണം എന്ന കേന്ദ്രബിന്ദു അടുത്തനൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ, അതിരപ്പിള്ളി സംവാദങ്ങളിലേക്ക് എത്തുമ്പോഴേക്കും ഭൂമിയുടെ നിലനിൽപ്പിനെ സംബന്ധിച്ച ആഗോളമായ അനവധി പാരിസ്ഥിതിക ആകുലതകളെ ഉൾക്കൊള്ളുന്ന ഒന്നായി വിടരുകയായിരുന്നു. മനുഷ്യരടക്കമുള്ള എല്ലാ ജീവജാലങ്ങളുടെയും പാരസ്പര്യത്തോടെ ജീവിക്കാനുള്ള അവകാശം അതിരപ്പിള്ളി സംവാദങ്ങളെ സമ്പുഷ്ടമാക്കി. ഒപ്പം, ഒരു കണ്ണിപോലെ ഇതിനെയെല്ലാം ബന്ധിപ്പിക്കുന്ന പുഴ കൂടി ചർച്ചാകേന്ദ്രമായി മാറുകയും ആ പുഴയുടെ ഒഴുകാനുള്ള അവകാശം അതിനെ ആശ്രയിക്കുന്ന എല്ലാവരുടെയും അവകാശങ്ങളെ ഉറപ്പാക്കുന്ന അടിസ്ഥാനഘടകമായി മാറുകയും ചെയ്തു. ഈ രീതിയിലുള്ള ഒരു വിഷയ വികാസം അതിരപ്പിള്ളി സമരത്തിന്റെ ഓരോ ഘട്ടങ്ങളിലും സംഭവിക്കുന്നതിന് പിന്നിൽ ലതചേച്ചിയുടെ പങ്ക് വളരെ പ്രധാനമായിരുന്നു. അറിവ് ആയുധമാക്കി എങ്ങനെ ഒരു സമരത്തെ വിജയത്തിൽ എത്തിക്കാം എന്നതിന് വളരെ കൃത്യമായ ഒരു ഉദാഹരണമായി ഉയർത്തിക്കാണിക്കാവുന്ന സമരമാണ് അതിരപ്പിള്ളി ഡാം വിരുദ്ധ സമരം. അത്തരം അറിവുകൾ നിർമ്മിക്കുന്നതിലും വിപുലപ്പെടുത്തുന്നതിലും വിവിധ സാമൂഹിക വിഭാഗങ്ങളുമായും ഭരണനേതൃത്വങ്ങളുമായും അത് നിരന്തരം പങ്കുവയ്ക്കുന്നതിലും ലതചേച്ചി നേതൃത്വം വഹിച്ചു. ലതചേച്ചിയുടെ മുൻകൈയിൽ നടന്ന കാര്യജ്ഞാനമുള്ള ഇടപെടലുകൾക്ക് മുന്നിൽ സർക്കാരിന്റെയും കെ.എസ്.ഇ.ബിയുടെയും വാദങ്ങൾ എപ്പോഴും തകർന്നുപൊയ്ക്കൊണ്ടേയിരുന്നു.

> സൈലന്റ്‌വാലി സമരത്തിലും ശാസ്ത്രസമൂഹത്തിന്റെ പങ്ക് വളരെ നിർണ്ണായകമായിരുന്നെങ്കിലും സമഗ്രമായി പുഴയെ കാണുന്ന തരത്തിലുള്ള ഒരു പുതിയ വിജ്ഞാനം അതിരപ്പിള്ളി സമരത്തിലൂടെ ആദ്യമായി രൂപപ്പെട്ടുവരുകയായിരുന്നു. ഇക്കോളജിയും ഹൈഡ്രോളജിയും സോഷ്യോളജിയും ഉൾപ്പെടെയുള്ള ബഹുവിധ വിജ്ഞാനശാഖകൾ ഉൾച്ചേരുന്ന ഒന്നായി അതിനെ രൂപകല്പന ചെയ്യുന്നതിൽ ലതചേച്ചി നൽകിയ സംഭാവനകളായിരുന്നു ഏറ്റവും മുഖ്യം.

സൈലന്റ്‌വാലി സമരത്തിലും ശാസ്ത്ര സമൂഹത്തിന്റെ പങ്ക് വളരെ നിർണ്ണായകമായിരുന്നെങ്കിലും സമഗ്രമായി പുഴയെ കാണുന്ന തരത്തിലുള്ള ഒരു പുതിയ വിജ്ഞാനം അതിരപ്പിള്ളി സമരത്തിലൂടെ ആദ്യമായി രൂപപ്പെട്ടു വരുകയായിരുന്നു. ഇക്കോളജിയും ഹൈഡ്രോളജിയും സോഷ്യോളജിയും ഉൾപ്പെടെയുള്ള ബഹുവിധ വിജ്ഞാനശാഖകൾ ഉൾച്ചേരുന്ന ഒന്നായി അതിനെ രൂപകല്പന ചെയ്യുന്നതിൽ ലതചേച്ചി നൽകിയ സംഭാവനകളായിരുന്നു ഏറ്റവും മുഖ്യം. അണക്കെട്ട് വരുമ്പോൾ മുങ്ങിപ്പോകുന്ന പ്രദേശത്തെ ജൈവവൈവിദ്ധ്യത്തിന്റെ പ്രശ്നം മാത്രമല്ല പരിഗണിക്കപ്പെടേണ്ടതെന്നും അണകെട്ടുന്നതിനെ തുടർന്ന് പുഴയുടെ മേൽത്തടത്തിലും കീഴ്ത്തടത്തിലും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ കൂടി വിലയിരുത്തപ്പെടേണ്ടതുണ്ടെന്നും ലതചേച്ചി ഊന്നിപ്പറഞ്ഞിരുന്നു. അതിരപ്പിള്ളി സമരം ചാലക്കുടിപ്പുഴയെ ജലസ്രോതസ്സായി ആശ്രയിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും പ്രശ്നമായി മാറുന്നത് അങ്ങനെയാണ്. പുഴയുടെ മേൽത്തടത്തിൽ ജീവിക്കുന്ന കാടർ ആദിവാസി സമൂഹം മുതൽ പുഴയുടെ കീഴ്ത്തടങ്ങളിലെ കർഷകരും മത്സ്യബന്ധന തൊഴിലാളികളും നഗരവാസികളുമെല്ലാം അണക്കെട്ടിനെതിരായ സമരത്തിൽ ഒരുപോലെ അണിനിരക്കുന്നതിന് ലതചേച്ചി പകർന്നുനൽകിയ കാഴ്ച കാരണമായിത്തീർന്നു. പുഴയെ ഒറ്റ യൂണിറ്റായി പരിഗണിച്ചുകൊണ്ട് വ്യത്യസ്തതലങ്ങളിൽ അവർ പകർന്ന പാഠങ്ങൾ അത്രമാത്രം സമഗ്രമായിരുന്നു. അണക്കെട്ടുകൾക്ക് പ്രാമുഖ്യം നൽകുന്ന വികസനബോധത്തിന്റെ പരിഗണനയിൽ പുഴ എന്നത് വെള്ളം ഒഴുകുന്ന ഒരു ചാലു മാത്രമാകുമ്പോൾ, അണക്കെട്ടിനെതിരായ സമരത്തിലൂടെ ലതചേച്ചി രൂപപ്പെടുത്തിയ ഗ്രാഹ്യങ്ങളിൽ പുഴ എന്നത് പലതരം ആവാസവ്യവസ്ഥകളെ ബന്ധിപ്പിക്കുന്ന ജൈവ-പാരിസ്ഥിതിക-സാമൂഹ്യ-സാംസ്കാരിക സത്തയായി മാറുന്നു. അറിവിനെ ആയുധമാക്കിയ ഒരു സമരത്തിന് വേണ്ട എല്ലാ വസ്തുതാ സമാഹരണവും സൂക്ഷ്മശ്രദ്ധയോടെ ലതചേച്ചി നടത്തിയിരുന്നതിന്റെ മേന്മകൾ അതിരപ്പിള്ളി സമരത്തിന്റെ ചരിത്രം പരിശോധിച്ചാൽ സുവ്യക്തമായി കാണാം. അണക്കെട്ടുകൾ പുഴയുടെ നൈസർഗിക ഘടനയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വളരെ വിശദമായി തന്നെ ലതചേച്ചി പഠിച്ചിരുന്നു. അണക്കെട്ടുകൾക്കെതിരായ ആധികാരികവും ശാസ്ത്രീയവുമായ വസ്തുതകളടങ്ങിയ പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനായ പാട്രിക് മാക്കൊളിയുടെ 'സൈലൻസ്ഡ് റിവേഴ്സ്' പോലെയുള്ള പുസ്തകങ്ങൾ ലതചേച്ചി തന്നെയാണ് കേരളത്തിൽ പരിചയപ്പെടുത്തുന്നത്. ലോകത്തിലെ തന്നെ വൻകിട അണക്കെട്ടുകളുടെ വികസന കാര്യക്ഷമത പുനരവലോകനം ചെയ്ത ലോക അണക്കെട്ട് കമ്മീഷന്റെ റിപ്പോർട്ട് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനും കേരളത്തിൽ അത് ചർച്ച ചെയ്യുന്നതിനും ലതചേച്ചി എടുത്ത താത്പര്യം അതിരപ്പിള്ളി അടക്കമുള്ള ഡാമുകൾക്കെതിരായ സമരങ്ങളെ പൊതുവിൽ ശക്തിപ്പെടുത്തുന്ന ഒരു വൈജ്ഞാനിക ചുവടുവയ്പ്പായിരുന്നു. (2002ൽ ഡോ. എസ്. ശാന്തി പരിഭാഷപ്പെടുത്തിയ റിപ്പോർട്ട് ചാലക്കുടിപ്പുഴ സംരക്ഷണ സമിതിയാണ് പ്രസിദ്ധീകരിക്കുന്നത്). ഒരു അചഞ്ചലമായ വികസനബിംബം എന്ന നിലയിലുള്ള അണക്കെട്ടുകളുടെ സ്വീകാര്യത ആഗോളമായി തകർന്നടിയുന്നതിന്റെ ചിത്രം മലയാളികൾക്ക് മുന്നിൽ അനാവൃതമാക്കിക്കൊണ്ട് ലതചേച്ചി അതിരപ്പിള്ളി ഡാമിനെതിരായ വാദമുഖങ്ങളെ പ്രബലപ്പെടുത്തി. ഡാമുകൾ നിർവഹിക്കുന്ന ഊർജ്ജാവശ്യങ്ങളേക്കാൾ മുഖ്യമായി ഈ കാലത്ത് പരിഗണിക്കപ്പെടേണ്ടത് ഭൂമിയിലെ ശുദ്ധജലവിഭവങ്ങളുടെ ഉപയോഗത്തെയും പരിരക്ഷണത്തെയും കുറിച്ചാണെന്ന് വസ്തുസ്ഥിതികളിലൂടെ ലതചേച്ചി വിശദമാക്കിക്കൊണ്ടേയിരുന്നു. ഇത്തരത്തിൽ അതിരപ്പിള്ളി സമരത്തെ ദേശീയ-അന്തർദേശീയ തലത്തിലുള്ള ഡാം വിരുദ്ധ പ്രക്ഷോഭങ്ങളുമായും വിജ്ഞാനവുമായും ബന്ധിപ്പിക്കാൻ ലതചേച്ചി നിരന്തരം ശ്രമിച്ചു. ഒഴുകുന്ന ചലനാത്മകമായ ഒരു ആവാസവ്യവസ്ഥയായി പുഴയെ കണ്ട ലതചേച്ചി, നിലവിൽത്തന്നെ ചാലക്കുടിപ്പുഴയിലുള്ള ആറ് അണക്കെട്ടുകൾ ആവാസവ്യവസ്ഥയിൽ സൃഷ്ടിച്ചിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ചാലക്കുടിപ്പുഴ ഒഴുകുന്ന, പശ്ചിമഘട്ട മലനിരകൾ മുതൽ കടലുവരെയുള്ള 144 കിലോമീറ്റർ ദൂരത്തിൽ 65 കിലോമീറ്റർ വരെ ആറ് അണക്കെട്ടുകൾ നിരനിരയായി നിൽക്കുകയാണ്. ഈ അണക്കെട്ടുകൾ നിലവിൽ സൃഷ്ടിച്ചിരിക്കുന്ന ആഘാതങ്ങളെയെല്ലാം പരിഗണിച്ചുകൊണ്ട് മാത്രമേ (cumulative impact assessment -സഞ്ചിത ആഘാത അവലോകനം) പുതിയ അണക്കെട്ടിനെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യാവൂ എന്ന നിലപാടിൽ ലതചേച്ചിക്ക്

*⇨ അങ്ങനെ പലതുകളിൽ നിറഞ്ഞുനിന്ന് ലതചേച്ചി 'അതിരപ്പിള്ളി'യിലേക്ക് ആളുകളെ അടുപ്പിച്ചു ⇨*


സുധിരേന്ദർ ശർമ്മയോടൊപ്പം സേവ് വെസ്റ്റേൺഘാട്ട്സ് ഗ്രൂപ്പിന്റെ യോഗത്തിൽ

നല്ല ഉറപ്പുണ്ടായിരുന്നു. ഒരുപക്ഷേ, അതിരപ്പിള്ളി സമരത്തിലാണ് സഞ്ചിത ആഘാത അവലോകനം എന്ന ഈ സങ്കൽപ്പം കേരളത്തിൽ ഏറ്റവും ആദ്യം ചർച്ച ചെയ്യപ്പെടുന്നത്. ഇത്തരം പഠന ഗവേഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടത്തുക എന്ന ലക്ഷ്യത്തോടെയാണ് 2005ൽ റിവർ റിസർച്ച് സെന്റർ എന്ന പേരിൽ ഒരു ട്രസ്റ്റ് തന്നെ ലതചേച്ചിയുടെ മുൻകൈയിൽ രൂപീകരിക്കപ്പെടുന്നത്.

ടി.ബി.ജി.ആർ.ഐയും വാപ്കോസും അതിരപ്പിള്ളി പദ്ധതിക്കായി നടത്തിയ പരിസ്ഥിതി ആഘാത പഠനത്തിന്റെ പൊള്ളത്തരങ്ങൾ തുറന്നുകാണിക്കുന്നതിൽ ലതചേച്ചിയുടെ വിഷയ അവഗാഹം വലിയ പങ്കുവഹിച്ചിരുന്നു. പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായി നടന്ന പൊതുതെളിവെടുപ്പുകളിൽ അതിരപ്പിള്ളി പദ്ധതിക്കെതിരായ വാദമുഖങ്ങൾ വിവിധ ജനവിഭാഗങ്ങളെക്കൊണ്ട് ഉന്നയിപ്പിക്കുന്നതിലും ലതചേച്ചി ഏറെ ശ്രദ്ധിച്ചു. പൊതുതെളിവെടുപ്പുകളിൽ പദ്ധതിക്കെതിരായി ജനരോഷം ഉയർന്നത് അതിരപ്പിള്ളി പദ്ധതിക്ക് വേണ്ടിയുള്ള കെ.എസ്.ഇ.ബി നീക്കങ്ങൾക്ക് തടയിടുന്നതിൽ ഒരു പ്രധാന കാരണമായിത്തീർന്നിട്ടുണ്ട്. 2002ലും 2006ലും നടന്ന പൊതുതെളിവെടുപ്പുകളിൽ പങ്കെടുത്ത ബഹുഭൂരിപക്ഷം പേരും അതിരപ്പിള്ളി പദ്ധതിക്കെതിരെ ശക്തമായി നിലകൊള്ളുകയുണ്ടായി. ചാലക്കുടിപ്പുഴയെ പലതരത്തിൽ ആശ്രയിച്ച് ജീവിക്കുന്ന, വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയവർ ഈ തെളിവെടുപ്പുകളിൽ പങ്കെടുത്തിരുന്നു. അത്രയും വൈവിധ്യമുള്ള ഒരു ജനാവലിയെ തെളിവെടുപ്പ് പാനലിന് മുന്നിൽ എത്തിക്കുന്നതിനും, പുഴയുമായുള്ള അവരുടെ പലതരത്തിലുള്ള ബന്ധങ്ങൾ അവരെ ബോധ്യപ്പെടുത്തി അവിടെ സംസാരിപ്പിക്കുന്നതിനും പിന്നിൽ ലതചേച്ചിയുണ്ടായിരുന്നു. അതിരപ്പിള്ളി മുതൽ എറിയാട് വരെയുള്ള ചാലക്കുടിപുഴത്തീരത്തെ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കേന്ദ്രീകരിച്ച് ജനപ്രതിനിധികളുമായും ജനങ്ങളുമായും ലതചേച്ചി നടത്തിയ നിരന്തര സംഭാഷണങ്ങളുടെ ഫലപ്രാപ്തി കൂടിയായിരുന്നു പൊതുതെളിവെടുപ്പിലെ ജനരോഷം. ഒരുപക്ഷെ, പരിസ്ഥിതി ആഘാത പഠന പ്രക്രിയയുടെ ഭാഗമായ പൊതുതെളിവെടുപ്പ് പരിപാടിയെ ഇത്ര സമർത്ഥമായി ഉപയോഗിച്ച ഒരു സമരം കേരളത്തിലുണ്ടാകില്ല. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ തുറന്നിടുന്ന സാധ്യതകളെ എങ്ങനെ ജനപക്ഷത്ത് നിന്നുകൊണ്ട് ഉപയോഗപ്പെടുത്താം എന്നതിൽ ലതചേച്ചിക്കുള്ള വ്യക്തതയാണ് പൊതുതെളിവെടുപ്പുമായി ബന്ധപ്പെട്ട് നടത്തിയ ഈ ഇടപെടലിൽ പ്രതിഫലിച്ചത്. അറിവിനെ അടിസ്ഥാനപ്പെടുത്തിയുള്ള സാമൂഹ്യപ്രവർത്തനം എങ്ങനെയാകണം എന്നതിൽ പൂർവ്വമാതൃകകൾ വിരളമായ ഒരു സ്ഥലത്ത് നിന്നുകൊണ്ടാണ് ലതചേച്ചിയും സഹപ്രവർത്തകരും ഇത്തരത്തിലുള്ള ഒരു ഉദ്യമം നടത്തിയത് എന്നത് ശ്രദ്ധേയമാണ്. (1994ൽ നിലവിൽ വന്ന പരിസ്ഥിതി ആഘാത വിശകലന വിജ്ഞാപനത്തിൽ 2006 ആയപ്പോഴേക്കും കേന്ദ്രസർക്കാർ കൊണ്ടുവന്ന സമൂലമായ ഉടച്ചുവാർക്കലുകളെക്കുറിച്ചും അത് എതുവിധത്തിലാണ് പാരിസ്ഥിതിക അനുമതി നൽകുന്ന പ്രക്രിയയെ ബാധിക്കാൻ പോകുന്നത് എന്നതിനെക്കുറിച്ചും ലതചേച്ചിക്ക് അറിവുണ്ടായിരുന്നു. പാരിസ്ഥിതിക അനുമതി നൽകുന്ന പ്രക്രിയയിലെ തിരിമറികളെക്കുറിച്ച് ദേശീയതലത്തിൽ വിശകലനം ചെയ്യുന്ന 'ഗ്രീൻ ടേപ്പിസം' എന്ന പഠന ഗ്രന്ഥം കേരളീയത്തിലൂടെ വായനക്കാർക്ക് പരിചയപ്പെടുത്തുകയും ചെയ്തിരുന്നു അവർ).

അതിരപ്പിള്ളി സമരത്തിന്റെ ചരിത്രത്തിലുടനീളം ഇത്തരത്തിൽ ജനമനസ്സുകളെ (പുഴയെ നേരിട്ട് ആശ്രയിക്കുന്നവരുടെയും ആ പരസ്പരാശ്രിതത്വം മനസ്സിലാകുന്നവരുടെയും) പലവിധത്തിൽ സ്വാധീനിക്കാനും കൂടെ നിർത്താനും ലതചേച്ചി നടത്തിയ

വൈവിദ്ധ്യമാർന്ന ശ്രമങ്ങൾ നമുക്ക് കാണാൻ കഴിയും. ചിലപ്പോൾ അത് ശാസ്ത്രീയ പഠനങ്ങളുടെ പിൻബല ത്തോടെയുള്ള ഒരു ഇടപെടലായിരിക്കും. അതല്ലെങ്കിൽ, ആരുമായും ലളിതമായി പുഴ യെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും സംസാരിക്കുന്നതിനുള്ള അപാരശേഷി പ്രതി ഫലിക്കുന്ന സംഭാഷണങ്ങളാകാം. അതുമ ല്ലെങ്കിൽ പാട്ടും വരയും എഴുത്തും നിറയുന്ന സർഗ്ഗാത്മകയുടെ പ്രകാശനങ്ങളാകാം. അങ്ങനെ പലതുകളിൽ നിറഞ്ഞുനിന്ന് ലത ചേച്ചി 'അതിരപ്പിള്ളി'യിലേക്ക് ആളുകളെ അടുപ്പിച്ചു. അടുത്തവരുടെ ആ അടുപ്പം ഒരി ക്കലും അകന്നുപോകാത്തവിധം ഗാഢമാ ക്കുന്നതരത്തിലുള്ള ഒരു ഹരിതസൗന്ദര്യം അതിരപ്പിള്ളി വെള്ളച്ചാട്ടത്തെപ്പോലെ ലത ചേച്ചിയിലും നിറഞ്ഞുനിന്നിരുന്നു.

*അതിരപ്പിള്ളി സമരത്തിൽ ലതചേച്ചി വഹിച്ച പങ്ക് പലയിടങ്ങളിലും വിശദീകരിക്ക പ്പെട്ടിട്ടുള്ളതിനാൽ ആ വിശദാംശങ്ങളിലേക്ക് ഈ എഴുത്ത് പോകുന്നില്ല. അതിരപ്പി ള്ളിക്കും അപ്പുറം സഞ്ചരിച്ച ലതചേച്ചിയുടെ ജീവിതത്തെ അടയാളപ്പെടുത്തുക എന്ന ദൗത്യത്തെ ഓർമ്മിച്ചുകൊണ്ട് എഴുത്ത് അതിലേക്ക് തിരിച്ചുവരുന്നു.*

**പുഴത്തടം എന്ന വിശാല കാഴ്ച**

പുഴകളെക്കുറിച്ചായിരുന്നല്ലോ അതിര പ്പിള്ളി സമരത്തിന്റെ ഭാഗമായി ലതചേച്ചി ഏറെ സംസാരിച്ചിരുന്നത്. ചാലക്കുടിപ്പുഴ യുടെ പ്രശ്നങ്ങൾ സവിശേഷമായി പറയു മ്പോഴും അത് ലോകത്തുള്ള എല്ലാ പുഴകളു ടെയും നിലനിൽപ്പുമായി ബന്ധപ്പെടുത്തി സംസാരിക്കാൻ ലതചേച്ചി ശ്രദ്ധിച്ചിരുന്നു. ആ വ്യക്തത ഒഴുകുന്ന പുഴകൾക്ക് വേണ്ടി അവർ നിർമ്മിച്ച അറിവുകളിലും കാണാൻ കഴിയും. ലതചേച്ചി മുന്നോട്ടുവയ്ക്കുന്ന പുഴ ത്തട പരിപാലനം എന്ന സങ്കൽപ്പം അത്തര ത്തിലുള്ള ഒന്നാണ്. ഒഴുക്കാണ് ഒരു പുഴ യുടെ ആരോഗ്യത്തെ അളക്കാനുള്ള മുഖ്യ അളവുകോലായി ലതചേച്ചി പരിഗണിച്ചിരു ന്ന ഘടകം. പുഴയിലെ ഒഴുക്കിനെ നില നിർത്തുന്നത് പുഴത്തടത്തിലെ വൃഷ്ടിപ്രദേ ശത്തിന്റെ ആരോഗ്യമാണ്. പുഴ ത്തടത്തിലുണ്ടാകുന്ന ഏതുവിധത്തിലുള്ള മാറ്റങ്ങളും ഒഴുക്കിനെ സ്വാധീനിക്കുന്ന ഘട കമായി മാറുന്നു. അതുകൊണ്ടുതന്നെ ഒഴുകുന്ന പുഴ എന്നത് പ്രധാന സങ്കൽപ്പമാ കുമ്പോൾ പുഴത്തടത്തിന്റെ പരിപാലനവും മുഖ്യപരിഗണനാ വിഷയമായി മാറുന്നു. അത്തരത്തിലുള്ള ഒരു പുഴത്തട പരിപാലന പദ്ധതിക്ക് (river basin planning) രൂപം നൽകുന്നതിനാണ് അതിരപ്പിള്ളി സമര ത്തിന്റെ ഇടവേളകളിൽ ലതചേച്ചി നിരന്തര മായി ശ്രമിച്ചുകൊണ്ടിരുന്നത്. ആ ശ്രമങ്ങൾ ദേശീയ-അന്തർദേശീയ തലത്തിലേക്ക് വ്യാ പിപ്പിക്കുന്നതിനും പുഴകളെക്കുറിച്ചുള്ള അറിവുകൾക്ക് ആഗോളമാനങ്ങൾ നൽകു ന്നതിനും അവർക്ക് കഴിഞ്ഞു. 3000 മില്ലീമീ റ്റർ വാർഷിക മഴ ലഭിച്ചിട്ടും കേരളത്തിൽ പുഴകൾ വറ്റിപ്പോകുന്നതിന്റെ പ്രശ്നം പുഴ ത്തടത്തിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നമായാണ് ലതചേച്ചി വിലയിരുത്തുന്ന ത്. പുഴത്തടങ്ങളിലെ കാടുകൾക്കുണ്ടാകുന്ന നാശം നീർച്ചോലകളിലെ ജലസമ്പന്നതയെ കുറയ്ക്കുകയും നീരൊഴുക്കിന്റെ ശാശ്വത മായ സ്വഭാവത്തിന് ഭംഗം വരുത്തുകയും ചെയ്യുന്നു. ഇത് സ്വാഭാവികമായും പുഴയുടെ ഒഴുക്കിനെ പ്രതികൂലമായി ബാധിക്കുന്നു. വൃഷ്ടിപ്രദേശത്തെ വനസമ്പത്തിന്റെ നാശവും പുഴത്തടത്തിന്റെ ആരോഗ്യപ്രശ്ന മായി കാണുന്നതിനാണ് ലതചേച്ചി ശ്രമിക്കു ന്നത്. വനങ്ങളെ മാത്രമല്ല ഇത്തരത്തിൽ പുഴത്തടത്തിൽ ലതചേച്ചി കാണുന്നത്. ഒരു പുഴയിലേക്ക് നീർച്ചാലുകളെത്തുന്ന പ്രദേശ ങ്ങളെ ഒന്നാകെ പുഴത്തടമായാണ് പരിഗണി ക്കുന്നത്. അതിൽ വനവും വനേതര പ്രദേശ ങ്ങളും ഉൾപ്പെടുന്നു. വികസന പ്രവർത്തന ങ്ങളുടെ ഭാഗമായി പുഴത്തടത്തിൽ സംഭവി ക്കുന്ന മാറ്റങ്ങൾ പുഴയിലേക്കുള്ള നീരൊഴു ക്കിനെ എങ്ങനെ ബാധിക്കുന്നു എന്ന വില യിരുത്തലാണ് ലതചേച്ചി മുഖ്യമായും നട ത്തിയിരുന്നത്. ഒരു പുഴത്തടത്തിന്റെ വഹന ശേഷി (carrying capacity) കണക്കിലെടു ത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയാണ് വേണ്ടത് എന്ന നിലപാടിലേക്ക് അവർ എത്തുന്നത് അങ്ങ നെയാണ്. കേരളത്തിന് വേണ്ട ഒരു ജലനയം എന്താകണമെന്ന ചർച്ചകളി ലെല്ലാം പുഴത്തടങ്ങളെ അടിസ്ഥാന സാമൂ ഹ്യ-പാരിസ്ഥിതിക-സാമ്പത്തിക-വികസന യൂണിറ്റുകളായി പരിഗണിക്കുന്ന ഒരു സമീ പനമാണ് ലതചേച്ചി മുന്നോട്ടുവച്ചിരുന്നത്.

**സൂക്ഷ്മ പ്രവർത്തനങ്ങളിലേക്ക്**

വനസംരക്ഷണ നിയമപ്രകാരം സംരക്ഷി ക്കപ്പെടുന്ന സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്താണ് വികസനപ്രവർത്തനങ്ങളുടെ അമിതമായ സമ്മർദ്ദങ്ങൾ എപ്പോഴും ഉണ്ടാ കാറുള്ളത്. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലാണ് സംരക്ഷിത പ്രദേശങ്ങൾ പുറത്തുള്ളതും അതീവപ്രാധാന്യമുള്ളതു മായ മനുഷ്യാധിവാസ പ്രദേശങ്ങൾ പരിര ക്ഷിക്കുന്നതിനുള്ള ഉപാധിയായി പരി

സ്ഥിതി ലോല പ്രദേശം (Ecologically Sensitive Areas - ESAs) എന്ന സങ്കൽപ്പം അവതരിപ്പിക്കപ്പെടുന്നത്. 1989 മുതൽ ഇന്ത്യയുടെ പല ഭാഗങ്ങളിലായി നിരവധി പ്രദേശങ്ങൾ ഇ.എസ്.എ ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പുറത്തുവരുന്നതോടെയാണ് കേരളത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളെക്കുറിച്ചുള്ള ചർച്ചകൾ സജീവമാകുന്നത്. എന്നാൽ ലതചേച്ചി അതിന് വളരെ മുന്നേതന്നെ പരിസ്ഥിതി ലോല പ്രദേശങ്ങളെക്കുറിച്ചുള്ള ചർച്ച കേരളത്തിൽ തുടങ്ങിവച്ചിരുന്നു. സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള പുഴത്തടങ്ങളിലെ അക്രമണോത്സുക വികസന പ്രവർത്തനങ്ങൾക്ക് തടയിടാൻ ഒരു ഫലപ്രദമായ മാർഗ്ഗമായി ലതചേച്ചി പരിസ്ഥിതി ലോല പ്രദേശം എന്ന സാധ്യതയെ കണ്ടിരുന്നു. ഒരു പ്രദേശത്തിന്റെ വഹനശേഷിയും പരിസ്ഥിതി സംവേദനത്വവും  കണക്കിലെടുത്തുകൊണ്ട് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ആ പ്രദേശം ഇ.എസ്.എ ആയി വിജ്ഞാപനം ചെയ്യപ്പെടുന്നത് അഭികാമ്യമാണെന്ന് ഇന്ത്യയുടെ പല ഭാഗങ്ങളിലും യാഥാർത്ഥ്യമായിട്ടുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളുടെ ഉദാഹരണങ്ങളിൽ നിന്നും അവർ വ്യക്തമായി മനസ്സിലാക്കിയിരുന്നു. പശ്ചിമഘട്ട മേഖലയിൽ തന്നെയുള്ള മാത്തേരാൻ, മഹാബലേശ്വർ-പഞ്ച്ഗനി എന്നീ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പ്രായോഗികാനുഭവങ്ങൾ ലതചേച്ചി ആഴത്തിൽ വിശകലനം ചെയ്തിട്ടുണ്ട്. പരിസ്ഥിതി ലോല പ്രദേശങ്ങളെക്കുറിച്ച് പഠനം നടത്തിയ കാഞ്ചി കോഹ്ലി എന്ന ആക്ടിവിസ്റ്റ് എഴുതിയ 'ഇന്ത്യാസ് നോട്ടിഫൈഡ് ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയാസ്: ദ സ്റ്റോറി സോ ഫാർ' എന്ന പുസ്തകം 2010ൽ തന്നെ കേരളത്തിൽ പരിചയപ്പെടുത്തുന്നതിന് ലതചേച്ചി മുൻകൈയെടുത്തിരുന്നു. കാഞ്ചി കോഹ്ലിയെ തന്നെ ഉൾപ്പെടുത്തി ഈ പുസ്തകത്തെക്കുറിച്ച് ഒരു ചർച്ചയും ലതചേച്ചിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു. ഇന്ത്യയിലെ വിവിധ സ്ഥലങ്ങൾ പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിച്ചുകിട്ടുന്നതിനായി പരിസ്ഥിതി പ്രവർത്തകരും തദ്ദേശീയരും നടത്തിയ ശ്രമങ്ങളാണ് ഈ പുസ്തകത്തിലെ പരാമർശ വിഷയം.

> വനങ്ങളെ മാത്രമല്ല ഇത്തരത്തിൽ പുഴത്തടത്തിൽ ലതചേച്ചി കാണുന്നത്. ഒരു പുഴയിലേക്ക് നീർച്ചാലുകളെത്തുന്ന പ്രദേശങ്ങളെ ഒന്നാകെ പുഴത്തടമായാണ് പരിഗണിക്കുന്നത്. അതിൽ വനവും വനേതര പ്രദേശങ്ങളും ഉൾപ്പെടുന്നു. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പുഴത്തടത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ പുഴയിലേക്കുള്ള നീരൊഴുക്കിനെ എങ്ങനെ ബാധിക്കുന്നു എന്ന വിലയിരുത്തലാണ് ലതചേച്ചി മുഖ്യമായും നടത്തിയിരുന്നത്.

പുഴത്തടങ്ങളുടെ സംരക്ഷണത്തിന് അനുയോജ്യമായ ഒരു ആസൂത്രണപ്രക്രിയ ഓരോ പ്രദേശത്തും കൊണ്ടുവരുന്നതിനുള്ള മാർഗ്ഗമായി ഇ.എസ്.എയെ കണ്ട ലതചേച്ചി, ചാലക്കുടിപ്പുഴയിലേക്ക് പ്രധാനപ്പെട്ട കൈവഴികളെത്തുന്ന (കാരപ്പാറ ഉപനദി) നെല്ലിയാമ്പതി പ്രദേശത്തെ ഒരു ഇ.എസ്.എ ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടി ഏറെ ശ്രമങ്ങൾ നടത്തുകയും ചെയ്തിരുന്നു. (ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് ഇ.എസ്.എ എന്ന സങ്കൽപ്പം കേരളത്തിൽ പരിചിതമാകുന്നതിന് ഏറെ മുമ്പ്). ചാലക്കുടിപ്പുഴത്തടത്തിൽ സ്ഥിതി ചെയ്യുന്ന നെല്ലിയാമ്പതിയിലെ തേയില-കാപ്പിത്തോട്ടങ്ങൾ എങ്ങനെയാണ് കാരപ്പാറ ഉപനദിയിലേക്ക് എത്തുന്ന നീർച്ചാലുകളെ പ്രതികൂലമായി ബാധിക്കുന്നതെന്ന് ഇതിനു വേണ്ടി ലതചേച്ചി വിശദമായി പഠിച്ചിരുന്നു. ഏകവിളത്തോട്ടങ്ങളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ വ്യക്തമായി വിശകലനം ചെയ്യുന്ന ആ പഠനം പുഴത്തടങ്ങളുടെ പാരിസ്ഥിതിക പുനഃസ്ഥാപനത്തെക്കുറിച്ചുള്ള മൈക്രോ ക്യാച്ച്മെന്റ് സമീപനം കൂടി മുന്നോട്ടുവയ്ക്കുന്നു. A Preliminary Assessment of Water Utilization in the Agriculture Plantation in Karappara Tributary Catchment of Chalakkudy River Basin Kerala എന്ന ആ പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പുഴത്തടത്തിലെ ഓരോ പ്രശ്നങ്ങളെയും സവിശേഷമായി നോക്കിക്കണ്ട് വ്യത്യസ്തമായ നയതന്ത്ര വൈദഗ്ദ്ധ്യത്തോടെ എല്ലാ മേഖലയേയും സമീപിക്കാൻ ലതചേച്ചിക്കുണ്ടായിരുന്ന കഴിവിനെ വ്യക്തമാക്കുന്നതാണ് ഈ പഠനം.

### റിവർ ഇക്കോളജി: സങ്കൽപ്പങ്ങളും സമീപനങ്ങളും

പാരിസ്ഥിതിക നീരൊഴുക്ക് എന്ന സങ്കൽപ്പത്തെ വികസിപ്പിക്കുന്നതിനുള്ള ശ്രമ

മാണ് ലതചേച്ചി അവസാനനാളുകളിൽ ചെയ്തുകൊണ്ടിരുന്ന ഒരു പ്രധാന പ്രവർത്തനം. ആസ്ട്രേലിയയിലെ ബ്രിസ്ബെയിനിൽ വച്ച് 2007ൽ നടന്ന റിവർ സിമ്പോസിയത്തിൽ പങ്കെടുക്കവെയാണ് പാരിസ്ഥിതിക നീരൊഴുക്കിനെക്കുറിച്ചുള്ള അറിവുകൾ ലതചേച്ചി വികസിപ്പിക്കുന്നത്. പുഴത്തട പരിപാലനവുമായി ബന്ധിപ്പിക്കാൻ കഴിയുന്ന ഒരു സങ്കൽപ്പമായി പാരിസ്ഥിതിക നീരൊഴുക്കിനെ ലതചേച്ചി കണ്ടു. ഒരു പുഴയെ ആശ്രയിക്കുന്ന എല്ലാ നദീതട ആവാസവ്യവസ്ഥകളുടെയും നില നിൽപ്പിനും മനുഷ്യാവശ്യങ്ങൾക്കും ഉതകുന്നവിധം പുഴയിൽ ഒഴുക്ക് ഉറപ്പുവരുത്തുന്നതിനെയാണ് പാരിസ്ഥിതിക നീരൊഴുക്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് എങ്ങനെ ശാസ്ത്രീയമായി കണക്കാക്കാം എന്നത് ലതചേച്ചി നന്നായി വിശകലനം ചെയ്യാൻ ശ്രമിച്ചിരുന്നു. 'എ പ്രീമിയർ ഓൺ ഇ-ഫ്ളോസ്' എന്ന ഒരു പഠന റിപ്പോർട്ട് പരിനീത ദണ്ഡേക്കർ എന്ന സുഹൃത്തുമായി ചേർന്ന് 2012ൽ ലതചേച്ചി എഴുതിയിരുന്നു. പാരിസ്ഥിതിക നീരൊഴുക്ക് എങ്ങനെ കണക്കാക്കാം എന്നതിനെക്കുറിച്ച് ആഗോളമായി അംഗീകരിക്കപ്പെട്ടിട്ടുള്ള രീതികൾ വിലയിരുത്തുകയും അതിന്റെ സാധ്യതകളും പ്രശ്നങ്ങളും നന്നായി വിലയിരുത്തുകയും ചെയ്യുന്നുണ്ട് ഈ പഠനം. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉന്നതാധികാര സമിതി അംഗീകരിച്ച മാതൃകകൾ അടക്കം വിശദമായി പരിശോധിച്ച ശേഷം, തദ്ദേശീയ സമൂഹങ്ങൾക്കും പുഴയെ വിവിധതരത്തിൽ ആശ്രയിക്കുന്നവർക്കും പങ്കാളിത്തമുള്ള ഒരു പ്രക്രിയയിലൂടെ പാരിസ്ഥിതിക നീരൊഴുക്ക് വിലയിരുത്തണം എന്ന നിർദ്ദേശമാണ് ലതചേച്ചി ഈ പഠനത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. പുഴകൾ വ്യത്യസ്തമായതിനാൽ അതിന്റെ ഇക്കോളജിയും ഹൈഡ്രോളജിയും വ്യത്യസ്തമാകും എന്നതുകൊണ്ട് കേന്ദ്രീകൃതമായ ഒരു സമീപനം ഇക്കാര്യത്തിൽ വേണ്ടതില്ലെന്നും ലതചേച്ചി അടിവരയിടുന്നു. മഴക്കാല നീരൊഴുക്ക്, മഴക്കാലത്തിന് ശേഷമുള്ള നീരൊഴുക്ക്, വേനൽക്കാല നീരൊഴുക്ക് എന്നിങ്ങനെ മൂന്ന് തരത്തിലുള്ള നീരൊഴുക്കുകൾ നമ്മുടെ പുഴകളിലുണ്ടെന്നും ഇവ മൂന്നും ചേരുമ്പോഴാണ് പാരിസ്ഥിതിക ധർമ്മങ്ങൾ നിർവ്വഹിക്കപ്പെടുന്നതെന്നും ലതചേച്ചി വളരെ കാലങ്ങൾക്ക് മുമ്പേ പറയുമായിരുന്നു. ഈ അടിസ്ഥാന റിവർ ഇക്കോളജിക്കൽ ബോധ്യമാണ് പാരിസ്ഥിതിക നീരൊഴുക്കിനെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിലേക്ക് ലതചേച്ചിയെ നയിച്ചതെന്ന് തോന്നുന്നു. പുതിയ അണക്കെട്ടുകൾ പണിയുമ്പോൾ പാരിസ്ഥിതിക നീരൊഴുക്ക് ഉറപ്പാക്കണം എന്ന മാനദണ്ഡം 10 വർഷം മുമ്പ് ഇന്ത്യയിലും വനം-പരിസ്ഥിതി മന്ത്രാലയം കൊണ്ടുവന്നിരുന്നു. എന്നാൽ അതിരപ്പിള്ളിയുടെ കാര്യത്തിൽ കെ.എസ്.ഇ.ബി വയ്ക്കുന്ന പാരിസ്ഥിതിക നീരൊഴുക്കിനെക്കുറിച്ചുള്ള കണക്ക് വസ്തുതാവിരുദ്ധവും അശാസ്ത്രീയവുമാണെന്നും ലതചേച്ചി തെളിയിച്ചിട്ടുണ്ട്. അണക്കെട്ടുകളും ജലക്കൈമാറ്റങ്ങളും അടക്കം പുഴയിൽ നടക്കുന്ന എല്ലാത്തരം വികസന സമ്മർദ്ദങ്ങളും പാരിസ്ഥിതിക നീരൊഴുക്ക് എന്ന അടിസ്ഥാന വസ്തുത പരിഗണിക്കാതെ പോകരുത് എന്ന ലതചേച്ചിയുടെ പരിഗണന നമുക്ക് ഇനിയും വികസിപ്പിക്കേണ്ടതുണ്ട്.

**പശ്ചിമഘട്ടത്തിന് വേണ്ടി**

ലതചേച്ചിയുടെ മറ്റൊരു പ്രധാന പ്രവർത്തന മേഖലയായിരുന്നു പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ദേശീയ കൂട്ടായ്മയുടെ (സേവ് വെസ്റ്റേൺ ഗാട്ട്സ് ഗ്രൂപ്പ്) പരിപാടികൾ. 1988ൽ ആണ് പശ്ചിമഘട്ടം കടന്നുപോകുന്ന അഞ്ച് സംസ്ഥാനങ്ങളെയും സ്പർശിക്കുന്നതരത്തിൽ പശ്ചിമഘട്ട രക്ഷായാത്ര എന്ന പേരിൽ ഒരു കാൽനട ജാഥ നടക്കുന്നതും പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ചുള്ള വിവിധ വീക്ഷണങ്ങൾ ആദ്യമായി ക്രോഡീകരിക്കപ്പെടുന്നതും. ശാസ്ത്രസമൂഹവും പരിസ്ഥിതി-സാമൂഹ്യപ്രവർത്തകരും പങ്കുചേർന്ന ആ യാത്രയുടെ പ്രചോദനത്തിൽ നിന്നുകൊണ്ട് പലരും പലവിധ ഊന്നലുകളിൽ ആ പ്രവർത്തനങ്ങൾ തുടരുകയുണ്ടായി. എന്നാൽ പശ്ചിമഘട്ട രക്ഷായാത്രയുടെ ദേശീയതല സംഘാടകസമിതി അതേരൂപത്തിൽ ഒരു കൂട്ടായ്മയായി തുടർന്നതുമില്ല. ഏറെ വർഷങ്ങൾ കഴിഞ്ഞ് അത്തരത്തിലുള്ള ഒരു കോ-ഓർഡിനേഷന്റെ സാധ്യതകൾ ആരായപ്പെടുന്നത് ലതചേച്ചി അടക്കമുള്ള കുറേ ആക്ടിവിസ്റ്റുകളുടെ മുൻകൈയിലാണ്. പശ്ചിമഘട്ടം കടന്നുപോകുന്ന സംസ്ഥാനങ്ങളിൽ നിന്നുള്ള, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ഒരു കൂട്ടായ്മയായിരുന്നു അത്. 1988ലെ പശ്ചിമഘട്ട രക്ഷായാത്രയിൽ പങ്കെടുത്തവരുടെ സാന്നിദ്ധ്യത്തിൽ 2009ൽ ഗോവയിൽ വച്ച് അവർ ആദ്യമായി ഒത്തുചേർന്നു. 1988ലെ പശ്ചിമഘട്ട രക്ഷായാത്രയുടെ കാലത്തുണ്ടായിരുന്ന പരിഗണനകൾ മാത്രമായിരുന്നില്ല ഈ ഗ്രൂപ്പിന്റെ ഇടപെടൽ പരിധിയി

ൽ ഉണ്ടായിരുന്നത്. 90കൾക്ക് ശേഷം ശക്തിപ്പെട്ട വികസനവാദ ചിന്തയുടെ പുതിയ ഹിംസാത്മക രൂപങ്ങൾ പശ്ചിമഘട്ടത്തിൽ സൃഷ്ടിക്കുന്ന ആഘാതങ്ങളെ നൂതനവും സർഗ്ഗാത്മകവുമായ പ്രതിരോധ മാർഗ്ഗങ്ങളിലൂടെ എതിരിടാനുള്ള സക്രിയത ആ ഗ്രൂപ്പിനുണ്ടായിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ ലതചേച്ചി വളരെ നിർണ്ണായകമായ പങ്കുവഹിച്ചിരുന്നു. (2011ൽ കർണ്ണാടകയിലെ മൂടുബിദ്രിയിൽ വച്ച് നടന്ന ഈ ഗ്രൂപ്പിന്റെ വാർഷിക യോഗത്തിൽ പങ്കെടുക്കവെ അത് ഞാൻ നേരിൽ കണ്ടിരുന്നു). സമരപരമായും നിയമപരമായും നയപരമായും ഇടപെടുന്നവരുടെ വൈവിദ്ധ്യമുള്ള ഒരു സംഘമായിരുന്നു ആ ഗ്രൂപ്പ്. പശ്ചിമ




ഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന സംഘർഷങ്ങളിലെല്ലാം ഇടപെടുന്നതിൽ അതിന്റെ തുടർച്ചകൾ നിലനിർത്താനും അവർക്ക് കഴിഞ്ഞു. ഗോവയിലെ ഖനനത്തിനെതിരെയും കർണ്ണാടകത്തിലെ കുതിരെമുഖിലെ മൈനിംഗ് കമ്പനിക്കെതിരെയും പൂനെയിലെ ലാവാസയിൽ വരാനിരുന്ന ടൂറിസം സ്പെഷ്യൽ ഇക്കണോമിക് സോണിനെതിരെയും നടന്ന സമരങ്ങളിൽ ഈ ഗ്രൂപ്പിലുള്ളവർ സജീവമായിരുന്നു. (ദേശീയ ഹരിതട്രിബ്യൂണലിൽ പരിസ്ഥിതി ഗ്രൂപ്പുകൾക്ക് വേണ്ടി ഹാജരായിരുന്ന യുവ അഭിഭാഷകൻ ഋത്വിക് ദത്ത മുതൽ മുതിർന്ന പരിസ്ഥിതി പ്രവർത്തകരായ ക്ലോഡ് അൽവാരിസും ഡോ. സുധിരേന്ദർ ശർമ്മയും പാണ്ഡുരംഗ ഹെഗ്ഡെയും അടക്കമുള്ളവരും അതിൽ ഉൾപ്പെട്ടിരുന്നു). 2010ൽ കോത്തഗിരിയിൽ വച്ച് നടന്ന ഈ ഗ്രൂപ്പിന്റെ വാർഷിക യോഗത്തിൽ പങ്കെടുക്കാൻ എത്തിയ അന്നത്തെ കേന്ദ്ര വനംപരിസ്ഥിതി മന്ത്രി ജയറാം രമേശ് അവിടെ വച്ചാണ് പശ്ചിമഘട്ട സംരക്ഷണത്തിനുള്ള ഒരു മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി പ്രൊഫ. മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ സമിതി നിയോഗിക്കാൻ തീരുമാനിക്കുന്നത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് യാഥാർത്ഥ്യമായില്ലെങ്കിലും അത്രയും വലിയൊരു ചലനം ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞ ആ റിപ്പോർട്ടിന്റെ യാഥാർത്ഥ്യമാകലിന് പിന്നിലും ലതചേച്ചിക്ക് നിർണ്ണായക പങ്കുണ്ടായിരുന്നു എന്നതാണ് സത്യം. പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട അവസാന പ്രതീക്ഷയായി ലതചേച്ചി അടക്കമുള്ള ഈ ഗ്രൂപ്പ് ഗാഡ്ഗിൽ റിപ്പോർട്ടിനെ കണ്ടിരുന്നില്ലെങ്കിലും റിപ്പോർട്ട് യാഥാർത്ഥ്യമാകുന്നതിനായി ദേശീയതലത്തിൽ അവർ ഏറെ പരിശ്രമിച്ചു. കസ്തൂരിരംഗൻ അദ്ധ്യക്ഷനായ മറ്റൊരു സമിതി നിയോഗിക്കപ്പെടുകയും ഗാഡ്ഗിൽ റിപ്പോർട്ടിന്റെ അന്തഃസത്ത ചോർത്തിക്കളയുന്ന വിധത്തിൽ അദ്ദേഹം തീർത്തും വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒരു മറ്റൊരു റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടും ലതചേച്ചി അടക്കമുള്ളവർ ഗാഡ്ഗിൽ റിപ്പോർട്ട് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമം തുടർന്നു. കേരളത്തിലെ അനുഭവങ്ങൾ നോക്കുകയാണെങ്കിലും ഗാഡ്ഗിൽ റിപ്പോർട്ട് പുറത്തുവന്ന സമയത്ത് പൊതുസമൂഹത്തിനിടയിലുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിന് കേരളത്തിലെമ്പാടും ഏറെ യാത്രചെയ്യുകയും വിവിധ ഗ്രൂപ്പുകളുമായി സംസാരിക്കുകയും ചെയ്ത ഒരാൾ ലതചേച്ചിയായിരുന്നു. ഗാഡ്ഗിൽ റിപ്പോർട്ടിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും എന്നതരത്തിൽ കേരളത്തിൽ രണ്ട് ചേരികൾ രൂപപ്പെടുകയും വാഗ്വാദങ്ങൾ മുറുകുകയും ചെയ്ത സമയത്തും റിപ്പോർട്ടിന്റെ ഉള്ളടക്കം ജനങ്ങളെ ബോധ്യപ്പെടുത്താൻ ലതചേച്ചി ഏറെ പ്രയാസപ്പെട്ടു. (കേരളീയത്തിന്റെ ആഭിമുഖ്യത്തിൽ അന്ന് പാലായിൽ വച്ച് നടന്ന ഒരു സംവാദത്തിൽ ഗാഡ്ഗിൽ റിപ്പോർട്ടിനെതിരായി വസ്തുതാവിരുദ്ധമായ സംസാരിച്ച ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ പ്രവർത്തകർക്ക് ലതചേച്ചി മറുപടി നൽകുമ്പോൾ കോട്ടയത്തെ റബ്ബർത്തോട്ടങ്ങളിലെ ജൈവവൈവിധ്യത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് പി.എച്ച്.ഡി ഗവേഷണം നടത്തി

യതിന്റെ അറിവ് ആയുധമായി മാറുന്നത് നേരിൽ കണ്ടിട്ടുണ്ട്).

**ജലസംഘർഷങ്ങൾ പരിഹാരം തേടി**

നിലവിൽ കേരളം അഭിമുഖീകരിക്കുന്ന കാർഷിക-ജലസേചനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെയും പുഴയുടെ നീരൊഴുക്കും പുഴത്തട പരിപാലനവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നതിന് ലതചേച്ചിക്ക് കഴിഞ്ഞിരുന്നു. ചാലക്കുടിപ്പുഴയിൽ സ്ഥിതി ചെയ്യുന്ന കേരളത്തിലെ ആദ്യകാല വൻകിട ജലസേചനപദ്ധതികളിലൊന്നായ തുമ്പൂർമൂഴി ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ചാലക്കുടിപ്പുഴ സംരക്ഷണ സമിതി നടത്തുന്ന പ്രവർത്തനങ്ങൾക്ക് ലതചേച്ചി നേതൃത്വപരമായ പങ്കുവഹിച്ചു. 1950 കളുടെ ആരംഭത്തിൽ ചാലക്കുടിപ്പുഴയിലെ സ്വാഭാവിക വേനൽക്കാല നീരൊഴുക്ക് പ്രകാരം ജലസേചനം ആരംഭിച്ച തുമ്പൂർമൂഴി പദ്ധതി ഇന്ന് പക്ഷേ ജലത്തിനായി മുകളിലത്തെ പെരിങ്ങൽക്കുത്ത്, ഷോളയാർ ജലവൈദ്യുതി പദ്ധതികളെ ആശ്രയിക്കേണ്ട സ്ഥിതിയിലാണുള്ളത്. ഈ ജലവൈദ്യുതപദ്ധതികളുടെ പ്രവർത്തനരീതിയിലെ പ്രശ്നങ്ങൾ കാരണം അണക്കെട്ടുകളുടെ താഴെയുള്ള പ്രദേശങ്ങളുടെ ജല ആവശ്യങ്ങൾ പലപ്പോഴും നിർവഹിക്കപ്പെടാതെ പോകുന്നുണ്ട്. തുമ്പൂർമൂഴിയിൽ നിന്നും വലതുകര-ഇടതുകര കനാലുകളിലൂടെ ജലസേചനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിലൊന്നും വെള്ളം എത്താത്ത സ്ഥിതിയുണ്ട്. ചാലക്കുടിപ്പുഴയുടെ താഴ്ത്തടങ്ങളിൽ വെള്ളവുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ കൂടുന്നതിന് മുകളിലെ അണക്കെട്ടുകളുടെ പ്രവർത്തനം പുനഃക്രമീകരിക്കേണ്ട സ്ഥിതിയുണ്ടായപ്പോഴാണ് ചാലക്കുടിപ്പുഴ സംരക്ഷണ സമിതി അതിൽ ഇടപെടുന്നത്. ജലസംഭരണിയുടെ പ്രവർത്തന പുനഃക്രമീകരണം (Reservoir Operations Management Strategy - ROM) എന്ന സ്ട്രാറ്റജിയിലൂടെ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിൽ വരുന്ന കേരള ഷോളയാർ, പൊരിങ്ങൽക്കുത്ത് പദ്ധതികളുടെ പ്രവർത്തനക്രമം തുമ്പൂർമൂഴി ജലസേചന പദ്ധതിയുമായും താഴേത്തടത്തിലെ പുഴയുടെ മറ്റാവശ്യങ്ങളുമായും സംയോജിപ്പിക്കാനുള്ള ശ്രമം വിജയകരമായി നടത്താൻ സമിതിക്ക് കഴിഞ്ഞു. ഈ പരിപാടിക്ക് വേണ്ടി വിവിധ സർക്കാർ വകുപ്പുകളുമായും പഞ്ചായത്തുകളുമായും കർഷകരുമായും സംസാരിക്കുന്നതിനും കാര്യങ്ങൾ അവരെ ബോധ്യപ്പെടുത്തുന്നതിനും സമിതിയുടെ മറ്റ് പ്രവർത്തകർക്കൊപ്പം ലതചേച്ചി സജീവമായിരുന്നു.

**നദീസംയോജനം മുതൽ 'ശുദ്ധീകരണം' വരെ**

അന്തർസംസ്ഥാന നദീജലകരാറുകളുമായി ബന്ധപ്പെട്ട തർക്കങ്ങളിലും ദേശീയതലത്തിൽ ശ്രദ്ധേയമായ പഠനങ്ങളും ഇടപെടലുകളും ലതചേച്ചി നടത്തിയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും വിവാദമായ അന്തർസംസ്ഥാന ജലതർക്കങ്ങളിലൊന്നായ പറമ്പിക്കുളം-അളിയാർ (പി.എ.പി) കരാറുമായി ബന്ധപ്പെട്ട പ്രശ്നത്തിലെ ഇടപെടലാണ് അതിൽ മുഖ്യം. ചാലക്കുടിപ്പുഴ കൂടി ഉൾപ്പെടുന്ന കരാർ ആയതുകൊണ്ടുതന്നെ ലതചേച്ചിയുടെ പ്രവർത്തന മേഖലയുമായി അതിന് ബന്ധമുണ്ടായിരുന്നു. 'ട്രാജഡി ഓഫ് കോമൺസ്- ദ കേരള എക്സ്പീരിയൻസ് ഇൻ റിവർ ലിങ്കിംഗ്' എന്ന വിശദമായ പഠന ഗ്രന്ഥം സഹപ്രവർത്തകരുമായി ചേർന്ന് ഈ വിഷയത്തിൽ ലതചേച്ചി പുറത്തിറക്കിയിരുന്നു. പുഴ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കേരളത്തിൽ വലിയ ചരിത്രമുണ്ടെങ്കിലും അന്തർസംസ്ഥാന നദീജല കരാറുകൾ പോലെയുള്ള വിഷയങ്ങളിൽ അറിവിനെയും ദത്തങ്ങളെയും ക്രോഡീകരിച്ച് വിവിധ ഗ്രൂപ്പുകളെ ഏകോപിപ്പിക്കാനും രണ്ട് സംസ്ഥാനങ്ങളിലും ഇടപെടലുകൾ നടത്താനും കഴിഞ്ഞത് ലതചേച്ചിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്കാണ്. പി.എ.പി കരാറുമായി ബന്ധപ്പെട്ട് മാത്രമല്ല, മുല്ലപ്പെരിയാറിന്റെ കാര്യത്തിലും ഭവാനിപ്പുഴയിലെ ജലകൈമാറ്റത്തിന്റെ കാര്യത്തിലും ലതചേച്ചിയുടെ വിഷയവൈദഗ്ധ്യം അതാത് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സഹായകമായി മാറിയിട്ടുണ്ട്. ഒരു നൂറ്റാണ്ടിലേറെയാ

> ഒരു നൂറ്റാണ്ടിലേറെയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വെള്ളം തമിഴ്നാട്ടിനു തുടർന്ന് നൽകേണ്ടത് നമ്മുടെ ധാർമ്മികമായ ബാധ്യതയാണെങ്കിലും നിലവിലുള്ളതിനേക്കാൾ വലിയ അണക്കെട്ടു നിർമ്മിക്കാനുള്ള നിർദ്ദേശം പുനഃപരിശോധിക്കപ്പെടേണ്ടതാണെന്ന ലതചേച്ചിയുടെ സമീപനം മുല്ലപ്പെരിയാർ സമരസമിതിയിലെ പലർക്കും പുനർചിന്തയുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.




യി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വെള്ളം തമിഴ്നാട്ടിനു തുടർന്ന് നൽകേണ്ടത് നമ്മുടെ ധാർമ്മികമായ ബാധ്യതയാണെങ്കിലും നിലവിലുള്ളതിനേക്കാൾ വലിയ അണക്കെട്ടു നിർമ്മിക്കാനുള്ള നിർദ്ദേശം പുനഃപരിശോധിക്കപ്പെടേണ്ടതാണെന്ന ലതചേച്ചിയുടെ സമീപനം മുല്ലപ്പെരിയാർ സമരസമിതിയിലെ പലർക്കും പുനർചിന്തയുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

നദീസംയോജനത്തെക്കുറിച്ചുള്ള ലതചേച്ചിയുടെ അന്വേഷണങ്ങളാണ് മുൻ കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറിയും ജല-പരിസ്ഥിതി നിയമ വിദഗ്ധനുമായ പ്രൊഫ. രാമസ്വാമി അയ്യരുമായി അവരെ അടുപ്പിക്കുന്നത്. 2003ൽ നദികളെ സംയോജിപ്പിക്കുന്ന ബൃഹത് പദ്ധതിയുമായി (Inter Linking of Rivers Project) കേന്ദ്ര സർക്കാർ മുന്നോട്ടു പോകാൻ തീരുമാനിച്ച കാലഘട്ടത്തിൽ കേരളത്തിലെ മുല്ലപ്പെരിയാർ, പറമ്പിക്കുളം-ആളിയാർ പോലുള്ള നദീ സംയോജനങ്ങളുടെ അനുഭവങ്ങൾ ചർച്ച ചെയ്യുന്നതിനായി ലതചേച്ചിയുടെ മുൻകൈയിൽ നടത്തിയ ശില്പശാലയുടെ ഉദ്ഘാടകൻ പ്രൊഫ. രാമസ്വാമി അയ്യരായിരുന്നു. അന്നുമുതൽ തുടങ്ങിയ സൗഹൃദം പിന്നീട് ഒരു കുടുംബബന്ധമായി വരുകയായിരുന്നു എന്ന് ലതചേച്ചി സൂചിപ്പിച്ചുണ്ട്. 'Living Rivers, Dying Rivers' എന്ന രാമസ്വാമി അയ്യർ എഡിറ്റ് ചെയ്ത് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ കേരളത്തിലെ നദികൾ നേരിടുന്ന പ്രശ്നങ്ങളേയും പരിഹാരങ്ങളേയും കുറിച്ച് ഒരു അദ്ധ്യായം എഴുതാൻ അദ്ദേഹം ഏൽപ്പിച്ചത് ലതചേച്ചിയെ ആയിരുന്നു. ഇന്ത്യയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഡാമുകൾ സൃഷ്ടിച്ചിരിക്കുന്ന ആഘാതങ്ങളെക്കുറിച്ച് ഒരു അവലോകനം ദേശീയതലത്തിൽ നടത്തേണ്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ലതചേച്ചി ഈ ലേഖനത്തിൽ പറയുന്നുണ്ട്. ഡാമുകൾക്ക് താഴെ പുഴയുടെ ഒഴുക്കിന്റെ സ്ഥിതി എന്താണ് എന്ന് വിലയിരുത്തുകയും ഒഴുക്ക് മുറിയുന്നതുകൊണ്ടുണ്ടാകുന്ന താഴ്ത്തടങ്ങളിൽ ജലവുമായി ബന്ധപ്പെട്ട് എന്തെല്ലാം തർക്കങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും വിലയിരുത്തേണ്ടതുണ്ടെന്ന് ലതചേച്ചി പറയുന്നു. പുഴത്തടത്തെ മുഴുവനായി പരിഗണിച്ചുകൊണ്ടുള്ള ഒരു സമീപനം സർക്കാർ സംവിധാനങ്ങളുടെ ഭാഗത്ത് നിന്നും ഇല്ലാത്തതിന്റെ പ്രശ്നങ്ങളാണ് ഇതിൽ ലതചേച്ചി ഏറെയും ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പുഴയെ ആശ്രയിക്കുന്ന വിവിധ സർക്കാർ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതിന്റെയും പുഴത്തടത്തിലെ സംഘർഷങ്ങളെ സമഗ്രമായി കാണുന്ന ഒരു സമീപനമില്ലാത്തതിന്റെയും പ്രശ്നങ്ങൾ ചാലക്കുടിപ്പുഴയ്ക്ക് വേണ്ടി പ്രവർത്തിക്കുമ്പോൾ അഭിമുഖീകരിക്കേണ്ടി വന്നതിന്റെ പ്രായോഗികാനുഭവങ്ങൾ ആ എഴുത്തിനെ കൂടുതൽ തെളിമയുള്ളതാക്കുന്നു. ദേശീയതലത്തിൽ പുഴകളെക്കുറിച്ച് നടക്കുന്ന ചർച്ചകളിൽ കടന്നുവരുന്ന ചില പ്രധാന സംഗതികൾ കൂടി ലതചേച്ചി ആ ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. നദീശുദ്ധീകരണത്തിന്റെ പേരിൽ നടക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ വിവേകമില്ലായ്മയെക്കുറിച്ചുള്ള വിമർശനമാണ് അതിൽ പ്രധാനം. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ റിവർ കൺസർവേഷൻ ഡയറക്ട്രേറ്റിന്റെ പ്രധാന പരിഗണന തന്നെ നദികളെ മാലിന്യമുക്തമാക്കലാണ്. ഇന്ത്യയിലെ 39 നദികൾക്കായി 3,769 കോടി രൂപയാണ് ഇതുവഴി അനുവദിച്ചിട്ടുള്ളത്. കേരളത്തിൽ പമ്പയുടെ ശുചീകരണത്തിനായി 1845 ലക്ഷം അതിൽ നിന്നും ലഭിച്ചു. പുഴയുടെ തടസ്സമില്ലാത്ത ഒഴുക്കിന് പ്രാധാന്യം നൽകാതെ ശുദ്ധീകരണം എന്ന പേരിൽ നടത്തുന്ന ഇത്തരം ധൂർത്തുകളുടെ അപര്യാപ്തതകൾ ലതചേച്ചി ഈ ലേഖനത്തിലൂടെ തുറന്നുകാണിക്കുന്നു. മനുഷ്യനുള്ള അതേ അവകാശങ്ങൾ പ്രകൃതിക്കുമുണ്ടെന്ന് പറഞ്ഞുകൊണ്ട് 2011ൽ 'ലോ ഓഫ്



ആർ. രാമസ്വാമി അയ്യർ, ഹിമാംശു ഠക്കർ എന്നിവരോടൊപ്പം ഒരു ദേശീയ സെമിനാറിൽ

മദർ എർത്ത്' ബൊളീവിയ സർക്കാർ പാസാക്കിയത് സൂചിപ്പിച്ച്, പുഴയുടെ ഒഴുകാനുള്ള അവകാശത്തെ പരിഗണിക്കുന്ന അത്തരത്തിലുള്ള ഒരു നിയമനിർമ്മാണം ഇന്ത്യയിലും വേണ്ടുന്നതിന്റെ ആവശ്യകതയെ ഓർമ്മിപ്പിച്ചാണ് ലതചേച്ചി ആ ലേഖനം അവസാനിപ്പിക്കുന്നത്. ഒരുപാട് എഴുത്തുകളിലൂടെ പല സ്ഥലങ്ങളിലും ലതചേച്ചി ഇക്കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും 'Living Rivers, Dying Rivers' എന്ന പുസ്തകം ദേശീയതലത്തിൽ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളിൽ പങ്കുചേരുന്നവർ എഴുതിയ ലേഖനങ്ങൾ പ്രൊഫ. രാമസ്വാമി അയ്യർ എന്ന വിഷയവിദഗ്ധനായ എഡിറ്ററിലൂടെ സമാഹരിക്കപ്പെട്ടതിന്റെ പ്രാധാന്യം വളരെ വലുതാണ്. (പവർപോയിന്റ് എന്ന മൈക്രോസോഫ്ടിന്റെ ഇൻബിൽറ്റ് ടൂളിന്റെ സഹായത്തോടെയുള്ള പ്രസന്റേഷനുകളെയാണ് പ്രഭാഷണങ്ങളേക്കാളേറെ ലതചേച്ചി ഇഷ്ടപ്പെട്ടിരുന്നത് എന്ന് തോന്നിയിട്ടുണ്ട്. ലതചേച്ചി സംസാരിക്കുമ്പോൾ മിക്കപ്പോഴും വിദഗ്ധമായി ക്രോഡീകരിക്കപ്പെട്ട, ആകർഷകമായി ആലേഖനം ചെയ്യപ്പെട്ട ഒരു പവർപോയിന്റ് പ്രസന്റേഷൻ പശ്ചാത്തലത്തിൽ ഉണ്ടാകുറുണ്ട്. എഴുതുമ്പോഴും ആ രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ഒരു ഘടനാരൂപീകരണ ശേഷി അവരിൽ പ്രകടമായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെയുള്ള ഭാഷാവഴക്കവും എഴുത്തിന് കരുത്ത് നൽകിയിരുന്നു).

**മണൽവാരലിന് അവധി**

പുഴയുടെ ഒഴുക്കിനെ സാരമായി ബാധിക്കുന്ന മറ്റൊരു പ്രശ്നമായി ലതചേച്ചി തിരിച്ചറിയുകയും ഇടപെടുകയും ചെയ്ത ഒരു മേഖലയാണ് മണൽവാരൽ. കേരളത്തിൽ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെയും ചില വ്യക്തികളുടെയും മുൻകൈയിൽ ഒട്ടേറെ സമരങ്ങളും പ്രതിഷേധങ്ങളും രൂപപ്പെട്ടിട്ടുള്ള വിഷയമാണ് പുഴ മണൽവാരൽ. ലതചേച്ചി ഒരു മുഖ്യപ്രവർത്തന മേഖലയായി മണൽവാരലിനെതിരായ പ്രവർത്തനങ്ങളെ എടുത്തിരുന്നില്ലെങ്കിലും പുഴയെ സമഗ്രമായി കാണുന്നതിന്റെ ഭാഗമായി സവിശേഷ ശ്രദ്ധ ഈ വിഷയത്തിനും ഏറെ നൽകിയിരുന്നു. കേരള സാൻഡ് മൈനിംഗ് ആക്ടിന്റെ (2001) അപര്യാപ്തതകൾ വ്യക്തമായി ചൂണ്ടിക്കാണിച്ചിരുന്ന ലതചേച്ചി 2005ൽ ഈ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ നിയമിച്ച ഉന്നതാധികാര സമിതിയിൽ അംഗമായിരുന്നു. അന്ന് ലതചേച്ചി ഉൾപ്പെട്ട പാനൽ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ പുഴകളുടെ ഒരു മണൽ ഓഡിറ്റിംഗ് നടത്താൻ സർക്കാർ തീരുമാനിക്കുന്നത്. ഇതിനെ തുടർന്ന്, ചാലക്കുടിപ്പുഴയുടെയും കരുവന്നൂർപ്പുഴയുടെയും ഓഡിറ്റിംഗ് നടത്തുന്നതിനുള്ള ഉത്തരവാദിത്തം റിവർ റിസർച്ച് സെന്ററിന് ലഭിച്ചപ്പോൾ ലതചേച്ചി ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. പുഴയിലെ മണലിന്റെ അളവും ഒഴുക്കുമെല്ലാം വിലയിരുത്തി മണൽ എത്രത്തോളം എടുക്കാം തീർത്തും എടുക്കാതിരിക്കാം എന്ന തരത്തിലുള്ള ഒരു പ്രായോഗിക സമീപനമാണ് ലതചേച്ചി മുന്നോട്ടുവച്ചത്. ('വീടുവയ്ക്കാൻ പോലും മണലുവാരാൻ അനുവദിക്കാത്ത പരിസ്ഥിതി പ്രവർത്തകർ' എന്ന ആക്ഷേപം പ്രബലമായ കേരളത്തിൽ വീണ്ടും അറിവിനെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് ഔന്നത്യം ലഭിക്കുന്നു...).

**ദേശീയ-അന്തർദേശീയ രംഗത്തേക്ക്**

മുമ്പ് പശ്ചിമഘട്ട കൂട്ടായ്മയുടെ കാര്യം സൂചിപ്പിച്ചതുപോലെ തന്നെ ലതചേച്ചി വളരെ സജീവമായിരുന്ന ഒരു നാഷണൽ നെറ്റ്വർക്കായിരുന്നു ഫോറം ഫോർ പോളിസി ഡയലോഗ് ഓൺ വാട്ടർ കോൺഫ്ളിക്ട്സ് ഇൻ ഇന്ത്യ. ഇന്ത്യയിലെമ്പാടുമുള്ള ജലവുമായി ബന്ധപ്പെട്ട് നടക്കുന്ന തർക്കങ്ങളിൽ ഇടപെടുന്ന ആക്ടിവിസ്റ്റുകളുടെയും ഗവേഷകരുടെയും കൂട്ടായ്മയായ ഈ ഫോറത്തിന്റെ ദേശീയ സ്റ്റിയ

റിംഗ് കമ്മിറ്റി അംഗമായിരുന്നു ലതചേച്ചി. ഫോറത്തിന്റെ മുൻകൈയിൽ നടന്ന പഠന പ്രവർത്തനങ്ങളുടെ (ആക്ഷൻ റിസർച്ച് എന്നതാണ് ലതചേച്ചി പറയുന്നത്-പ്രയോഗവും പങ്കുചേരുന്ന പഠനം) ഭാഗമായി ദേശീയതലത്തിൽ തന്നെ പുഴകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പല തർക്കങ്ങളും നേരിൽ മനസ്സിലാക്കുന്നതിനും ഇടപെടുന്നതിനും ലതചേച്ചിക്ക് സാധിച്ചിട്ടുണ്ട്. പുഴയുടെ മേൽത്തടവും കീഴ്ത്തടവും തമ്മിലുണ്ടാകുന്ന സംഘർഷങ്ങളാണ് ലതചേച്ചി മുഖ്യമായും കൈകാര്യം ചെയ്തിരുന്ന മേഖല. പുഴയുടെ മേൽത്തടങ്ങളിൽ നടക്കുന്ന അണക്കെട്ടുകൾ അടക്കമുള്ള വികസനപ്രവർത്തനങ്ങൾ ഒഴുക്കിനെ സാരമായി ബാധിക്കുകയും കീഴ്ത്തടങ്ങളിലെ ആവശ്യങ്ങൾ പുഴയ്ക്ക് നിർവഹിക്കാൻ കഴിയാതെ വരുകയും ചെയ്യുന്നത് ഇന്ത്യയിലെമ്പാടും പൊതുവായി നിലനിൽക്കുന്ന ഒരു സംഘർഷമായി ഫോറം പ്രവർത്തനങ്ങളുടെ ഭാഗമായി ലതചേച്ചി തിരിച്ചറിഞ്ഞിരുന്നു. നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിൽ ബ്രഹ്മപുത്രയുടെ കൈവഴികളിലെ കീഴ്ത്തടങ്ങളിൽ നിലനിൽക്കുന്ന സംഘർഷങ്ങൾ ലതചേച്ചി നേരിൽ മനസ്സിലാക്കുകയും ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു. ഒരുപാട് പുതിയ ഡാമുകൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മേഖല എന്ന നിലയിൽ നോർത്ത് ഈസ്റ്റ് ഇന്ത്യയിൽ മേൽനദീതടവും കീഴ്ത്തടവും തമ്മിലുള്ള സംഘർഷങ്ങൾ ഇനിയും കൂടും എന്നതിൽ ലതചേച്ചി വല്ലാതെ ആശങ്കപ്പെടുകയും ചെയ്തിരുന്നു.

രാജ്യാന്തരതലത്തിലും പുഴയുമായി ബന്ധപ്പെട്ട ഗ്രൂപ്പുകളുമായി ചേർന്ന് പ്രവർത്തിക്കാൻ ലതചേച്ചി അവസരമുണ്ടായിട്ടുണ്ട്. 'ഇന്റർനാഷണൽ റിവേഴ്സ്' എന്ന കൂട്ടായ്മയുടെ ഭാഗമായ ലതചേച്ചി 2003ൽ തായ്‌ലാൻഡിലും 2010ൽ മെക്സിക്കോയിലും നടന്ന അന്തർദേശീയ കോൺഫറൻസിൽ പങ്കെടുത്തിട്ടുണ്ട്. എൽ സാപ്പോട്ടിലോ ഡാം വരുന്നതുകൊണ്ട് മുങ്ങിപ്പോകുന്ന ചെറുപട്ടണമായ ടെമാകയിൽ വച്ചായിരുന്നു മെക്സിക്കോയിലെ പരിപാടി എന്നത് ലതചേച്ചി സമരവീര്യത്തോടെ പറയുമായിരുന്നു. സ്ത്രീകളും പുഴകളും എന്ന വിഷയത്തിൽ അവിടെ സംസാരിക്കാൻ ക്ഷണിക്കപ്പെട്ടതിലും ലതചേച്ചി ഏറെ സന്തുഷ്ടയായിരുന്നു. (ജീവിതത്തിൽ ഒപ്പം സഞ്ചരിക്കുന്ന സ്ത്രീ സുഹൃത്തുക്കൾക്ക് ലതചേച്ചി പകരുന്ന പ്രത്യേക ഊർജ്ജത്തെക്കുറിച്ച് അവരിൽ പലരും പലപ്പോഴും വാചാലരാകുന്നത് കണ്ടിട്ടുണ്ട്).

*ഈ ക്രോഡീകരണത്തിന്റെ ഇതുവരെയുള്ള ഒഴുക്കിന് ഇനി അൽപ്പം വ്യത്യാസമുണ്ടാകും, എന്നാലും ഒഴുകാതിരിക്കുന്നില്ല...ലതചേച്ചിയുടെ പ്രവർത്തനമേഖലകളെക്കുറിച്ചുള്ള ചില ചിതറിയ ഓർമ്മകളിലേക്ക്...*

ലതചേച്ചിയുടെ ഇടപെടലുകളുടെ പൊതുരീതി ഒരു ആക്ഷൻ പ്ലാനും അതിനുവേണ്ട ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസവും രൂപപ്പെടുത്തുക എന്നതായിരുന്നു. ലതചേച്ചി എന്തെഴുതിയാലും പറഞ്ഞാലും ഈ രൂപത്തിലാണ് അത് സംഗ്രഹിക്കാറുള്ളത്. പഞ്ചായത്തുതലത്തിൽ ജനങ്ങളുടെ മുൻകൈയിലോ അല്ലെങ്കിൽ, ബ്യൂറോക്രസിയുടെ അതിപ്രസരം കാരണം മുരടിച്ചുപോയ സർക്കാർ സംവിധാനങ്ങളെ പുനഃക്രമീകരിച്ചോ ഒഴുകുന്ന പുഴകൾക്കായുള്ള ശ്രമങ്ങൾ വികസിപ്പിക്കാനാണ് അവർ ശ്രമിച്ചത്. ജോലി രാജിവച്ചുപോന്ന ഒരു സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ ആ സംവിധാനത്തിന്റെ ഘടനാപരമായ നിർഗുണതയെക്കുറിച്ച് ലതചേച്ചിക്ക് നല്ല ധാരണയുണ്ടായിരുന്നു. സർക്കാർ സംവിധാനങ്ങളുടെ സാമ്പ്രദായിക ഘടനയിലൂടെ പ്രശ്നപരിഹാരം ഉണ്ടാകാൻ പോകുന്നില്ല എന്നതിൽ ലതചേച്ചിക്ക് നല്ല ഉറപ്പുമുണ്ടായിരുന്നു. ആ ഘടനകൾ എങ്ങനെ ഉടച്ചുവാർക്കാം എന്നതും പങ്കാളിത്തപരമാക്കാമെന്നതും അതുകൊണ്ടു തന്നെ അവർ എപ്പോഴും ആലോചിച്ചുകൊണ്ടേയിരുന്നു. ഘടനാപരമായ ക്രമീകരണങ്ങളിലെ മാറ്റം ദീർഘകാല ഇടപെടൽ വേണ്ടിവരുന്ന ഒരു പ്രവർത്തന മേഖലയാണെന്ന് ലത

ലതചേച്ചിയുടെ ഇടപെടലുകളുടെ പൊതുരീതി ഒരു ആക്ഷൻപ്ലാനും അതിനുവേണ്ട ഇൻസ്റ്റിറ്റ്യൂഷണൽ മെക്കാനിസവും രൂപപ്പെടുത്തുക എന്നതായിരുന്നു. ലതചേച്ചി എന്തെഴുതിയാലും പറഞ്ഞാലും ഈ രൂപത്തിലാണ് അത് സംഗ്രഹിക്കാറുള്ളത്. പഞ്ചായത്തുതലത്തിൽ ജനങ്ങളുടെ മുൻകൈയിലോ അല്ലെങ്കിൽ, ബ്യൂറോക്രസിയുടെ അതിപ്രസരം കാരണം മുരടിച്ചുപോയ സർക്കാർ സംവിധാനങ്ങളെ പുനഃക്രമീകരിച്ചോ ഒഴുകുന്ന പുഴകൾക്കായുള്ള ശ്രമങ്ങൾ വികസിപ്പിക്കാനാണ് അവർ ശ്രമിച്ചത്.



ഫോട്ടോ: അജിലാൽ


ചേച്ചിക്ക് ഉറപ്പുണ്ടായിരുന്നു. അതായിരിക്കാം അവർ നിരന്തരമായി അതിന് ശ്രമിച്ചുകൊണ്ടിരുന്നത്. വ്യക്തമായ വിമർശനം നില നിർത്തുമ്പോഴും നിലവിലെ ഭരണസംവിധാനങ്ങളുമായി സംവദിക്കേണ്ടുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അത് ഏത് രൂപത്തിലാണ് വേണ്ടതെന്ന കാര്യത്തിലും ലതചേച്ചിക്ക് നല്ല വ്യക്തതയുണ്ടായിരുന്നു. 2006ലെ വനാവകാശ നിയമത്തിനെ ഇന്ത്യയിലെ പല കൺസർവേഷൻ ഗ്രൂപ്പുകളും സംശയത്തോടെ വീക്ഷിച്ചപ്പോഴും ലതചേച്ചി അത് പഠിക്കാനും മനസ്സിലാക്കാനും സന്നദ്ധമായത് ഉദ്യോഗസ്ഥ ഭരണക്രമത്തെക്കുറിച്ചുള്ള അവരുടെ ഈ വിമർശാവബോധത്തിൽ നിന്നുമാകാം. ആ വ്യക്തതയും അതിനോടുള്ള തുറന്ന സമീപവനും അതിരപ്പിള്ളി സമരത്തിലടക്കം ഗുണപരമായ മാറ്റങ്ങൾ പിൽക്കാലത്ത് കൊണ്ടുവന്നു. വനാവകാശ നിയമം അതിരപ്പിള്ളി സമരത്തിലെ മൂർച്ചകൂടിയ ഒരായുധമായി മാറുകയും ചെയ്തു.

### കുട്ടികളും പുഴയും

ഗവേഷകയും പഠിതാവുമായി തുടരുമ്പോഴും നല്ലൊരു അദ്ധ്യാപികയാകാനും ലതചേച്ചി എപ്പോഴും ശ്രമിച്ചിരുന്നു. പുഴകളെക്കുറിച്ച് സംസാരിക്കാനറിയുന്ന കേരളത്തിലെ അപൂർവ്വം വ്യക്തിത്വമായതുകൊണ്ടു തന്നെ ഒട്ടേറെ സ്ഥലങ്ങളിൽ അവർ റിസോഴ്സ് പേഴ്സണായി സംസാരിക്കാൻ ക്ഷണിക്കപ്പെട്ടിരുന്നു. വിദ്യാർത്ഥി സംഘങ്ങളുമായി സംവദിക്കുന്നതിൽ അവർക്കുണ്ടായിരുന്ന താത്പര്യമാണ് 'സ്കൂൾസ് ഫോർ റിവർ' എന്നൊരു സ്ഥിരം വേദി അതിനായി രൂപീകരിക്കുന്നതിൽ ലതചേച്ചിക്ക് പ്രേരണയായത്. ചാലക്കുടിപ്പുഴത്തടത്തിലുള്ള സ്കൂളുകളിലെ കുട്ടികളുമായി സ്ഥിരമായി പുഴയെക്കുറിച്ച് സംസാരിക്കുന്നതിനും പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നതിനും 'സ്കൂൾസ് ഫോർ റിവർ'ന് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ലതചേച്ചിയുടെ ഭാവനകൾ വികസിപ്പിക്കാൻ അവർ ഇടം കണ്ടെത്തിയത് 'സ്കൂൾസ് ഫോർ റിവർ' പരിപാടിയിലൂടെയാണ്.

### സർഗ്ഗാത്മ സമരങ്ങൾ

കാടും പുഴയും പോലെ ലതചേച്ചിയുടെ ജീവിതത്തിൽ നിറഞ്ഞുനിന്നിരുന്ന സംഗതികളായിരുന്നു ചിത്രകലയും സംഗീതവും. ജീവിതത്തിൽ എന്ന് പറയുമ്പോൾ അവരുടെ ഇടപെടലുകളിലെല്ലാം അവർ ചിത്രകലയേയും സംഗീതത്തേയും കൂടെക്കൂട്ടി. അതിരപ്പിള്ളി സമരത്തിലും സമാനമായ അനേകം കാമ്പയിനുകളിലും ആ പാട്ടും വരയും ഏറെ സർഗ്ഗാത്മകമായി പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്തിനേറെപ്പറയുന്നു, റിവർ റിസർച്ച് സെന്റർ രൂപീകരിക്കുമ്പോൾ അതിന് ഒരു ലോഗോ വരച്ചുണ്ടാക്കാൻ വരെ ലതചേച്ചിയിലെ ആർട്ടിസ്റ്റാണുണ്ടായത്. പോസ്റ്റർ തയ്യാറാക്കാൻ ഉപകാരപ്പെടുമെന്ന് തോന്നുന്ന ചെറിയ ചിത്രങ്ങൾ പോലും ലതചേച്ചി എടുത്തവയ്ക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതുപോലെ ഇക്കോളജിയുമായി ബന്ധപ്പെട്ട പല തീമുകളെ ആസ്പദമാക്കിയ കലണ്ടറുകളുടെ ഒരു വലിയ കളക്ഷൻ ആ ആർട്ടിസ്റ്റിന്റെ ശേഖരത്തിലുണ്ടായിരുന്നു. അതിയായ താത്പര്യത്തോടെ ആ ശേഖരം കലാതത്പരരായ സുഹൃത്തുക്കൾക്ക് കാണിച്ചുകൊടുക്കുന്നതിൽ അവർ സന്തോഷിച്ചിരുന്നു. ഭൂമിയിലെ വിവിധ ഭൂപ്രദേശങ്ങൾ ആകാശത്ത് നിന്നും പകർത്തിയ യാൻ ആർത്തസ് ബെർട്രാൻഡ് എന്ന പ്രമുഖ ഫോട്ടോഗ്രാഫറുടെ 'ദ എർത്ത് ഫ്രം ദ എയർ' എന്ന സീരീസിലെ ഫോട്ടോകൾ ഉൾപ്പെടുത്തിയ കലണ്ടറാണ് ഒല്ലൂരിലെ വീടിന്റെ ചുമരിൽ നിന്നും ഊരിയെടുത്ത് ലതചേച്ചി അവസാനമായി കാണിച്ചുതന്നത്. ജൈവവൈവിധ്യം ഭൂരൂപങ്ങളിൽ തീർക്കുന്ന



മാറ്റങ്ങൾ ഒപ്പിയെടുത്ത ആ ഫോട്ടോകൾ പരിചയപ്പെടുത്തുമ്പോൾ അസുഖബാധിതയായിരിക്കുമ്പോഴും ലതചേച്ചിയിൽ വല്ലാത്ത ഊർജ്ജം ഒഴുകിയെത്തിയിരുന്നു. ജീവിതം പ്രതിരോധങ്ങളുടെ ഒരു പരമ്പരയായിത്തീരുമ്പോഴും നിരന്തരം പുതുക്കിക്കൊണ്ട് ഉറപ്പോടെ അതിൽ മുഴുകാൻ പാട്ടും വരയും ലതചേച്ചിക്ക് കൂട്ടായി മാറിയത് അവരുടെ ഇടപെടലുകളിലുടനീളം നമുക്ക് കാണാൻ കഴിയും.

**ലളിതമായി ജീവിക്കാതെ എന്ത് ആർട്ട് ഓഫ് ലിവിംഗ്?**

അഗാധമായ ഇക്കോളജിക്കൽ ബോധ്യത്തിൽ നിന്നുകൊണ്ട് ലാളിത്യത്തെക്കുറിച്ച് അവർ സ്വീകരിച്ച ജീവിതത്തിൽ കാഴ്ച്ചപ്പാടും അചഞ്ചലമായിരുന്നു. കാർബൺപാദമുദ്രയെക്കുറിച്ചുള്ള ബോധ്യം ലതചേച്ചിക്ക് ഒരിക്കലും ഒരു അക്കാദമിക് വസ്തുവകയായിരുന്നില്ല. ഒരോ ചുവടുവയ്പ്പിലും അത് അവർ കരുതലോടെ കാത്തു. യഥാർത്ഥ കൺസർവേഷൻ ചെയ്യുന്നത് ലളിതമായി ജീവിക്കുന്നവരാണെന്ന് ലതചേച്ചി പറയാറുണ്ട്. ഇറ്റാലിയൻ മാർബിളിട്ട പതിനായിരം സ്ക്വയർ ഫീറ്റ് വീട്ടിൽ താമസിച്ചിട്ട് സമാധാനത്തിനായി ശ്രീ ശ്രീ രവിശങ്കറുടെയും മാതാ അമൃതാനന്ദമയിയുടെയും പിന്നാലെ പോകുന്നവരെ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിന് നൽകിയ അഭിമുഖത്തിൽ ലതചേച്ചി വിമർശിച്ചിരുന്നു. 'ലളിതമായി ജീവിക്കാൻ പഠിക്കാതെ എന്ത് ആർട്ട് ഓഫ് ലിവിംഗ്' എന്ന് ലതചേച്ചി അതിൽ ചോദിക്കുന്നുണ്ടായിരുന്നു. ഇത്തരം കപട സന്ന്യാസങ്ങൾ മുന്നോട്ടുവയ്ക്കുന്ന ജീവിതവീക്ഷണത്തിനെതിരെ ഒരു മുഖ്യധാരാ പ്രസിദ്ധീകരണത്തിന് നൽകിയ അഭിമുഖത്തിൽ സധൈര്യം സംസാരിക്കുന്നതിന് ലതചേച്ചി കാണിച്ച ആർജ്ജവം വളരെ പ്രധാനമാണ്. അത്തരം വിമർശനങ്ങൾ കൂടി ഉൾപ്പെടുന്ന ഒരു സമീപനമാണ് പാരിസ്ഥിതികമാകുന്നത് എന്ന ബോധ്യം പരിസ്ഥിതി പ്രവർത്തകർക്കിടയിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന കാലത്ത് ലതചേച്ചിയുടെ വാക്കുകൾ വലിയ ആശ്വാസം നൽകുന്നു.

*ചിതറിയ ഓർമ്മകൾ ഇങ്ങനെ നീണ്ടുപോകും. ലതചേച്ചിയെക്കുറിച്ച് ഇനിയുമുണ്ട് ഏറെപ്പറയാൻ. ഇവിടെ ഒരു നിർത്തൽ ഇപ്പോൾ അനിവാര്യമായിരിക്കുന്നു, അർദ്ധവിരാമം മാത്രം,*

ഒല്ലൂരിലെ വീട്ടിൽ മരണദിവസം നിന്ന ആ നിൽപ്പിലേക്ക് മടങ്ങിയെത്തട്ടെ. ലതചേച്ചിയെ അവസാനമായി കാണാൻ അന്ന് എത്തിയവരിൽ മിക്കവർക്കും ആ വീട് വളരെ പരിചിതമായിരുന്നു. പലവിധ സംശയങ്ങൾ, ആശയങ്ങൾ ലതചേച്ചിയുമായി പങ്കുവയ്ക്കാൻ പല കാലങ്ങളിൽ ആ മൺവഴിയിലൂടെ നടന്നെത്തിയ മുഖങ്ങളാണ് അവിടെ കൂടിനിൽക്കുന്നതിൽ പലതും. പുഴയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഏതുകാര്യത്തിനും എത്തിയിരുന്നവരെ ഏറെ സന്തോഷത്തോടെ സ്വീകരിക്കുകയും എല്ലാ സ്വാതന്ത്ര്യത്തോടെയും ഇടപെടാൻ അനുവദിക്കുകയും ചെയ്തിരുന്ന ലതചേച്ചിയുടെ അസാന്നിധ്യത്തെക്കുറിച്ചുള്ള ആകുലത ആ മുഖങ്ങളിൽ നിഴലിച്ചിരുന്നു. അതെ, അതൊരു യാഥാർത്ഥ്യമാണ്. ചില അസാന്നിധ്യങ്ങൾ എത്ര ശ്രമിച്ചാലും വിടവുകളായി തുടരും എന്ന ബോധ്യത്തിൽ ഞാനും അക്കൂട്ടത്തിൽ... ■